# <u>യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്</u>

## ആഭ്യന്തര കണക്കുപരിശോധന വിഭാഗം (ഫിനാൻസ് ബ്രാഞ്ച് )

### <u>അറബിക് പഠനവിഭാഗത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് -2018</u>

39214/FIN-INT.AUDIT-2/2018/Fin 13.12.2018

ആഭ്യന്തര കണക്കുപരിശോധന വിഭാഗം, ഫിനാൻസ് ഓഫീസറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 16.11.2018,17.11.18 എന്നീ തിയ്യതികളിലായി അറബിക് പഠനവകുപ്പിൽ കണക്കു പരിശോധന നടത്തിയിരുന്നു.അതിന്റെ കണ്ടെത്തലുകൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് അംഗങ്ങൾ :

സെക്ഷൻ ഓഫീസർ :**രജനീദേവി പി.കെ .**

അസ്സിസ്റ്റന്റ്സ് :**സത്യനേശൻ.സി**

**മനോജ്കുമാർ.ടി**

പഠനവിഭാഗം മേധാവി :**അബ്ദുൽ മജീദ് .ഇ**

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ : **ഫെബിന .സി.കെ.**

ഡാറ്റാ എൻട്രി ഓപ്പറേറ്റർ : **ഷുക്കൂർ**

പഠന വകുപ്പിൽ നടത്തുന്ന കോഴ്സുകൾ ,PG ഡിപ്ലോമ ഇൻ കോമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ്,PG ഡിപ്ലോമ ഇൻ ട്രാൻസ്ലേഷൻ &സെക്രെട്ടറിൽ പ്രാക്ടീസ് ഇൻ അറബിക്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ സ്പോകെൻ അറബിക്.MA, Mphil,Phd.എന്നിവയാണ്.

**ക്യാഷ് ബുക്ക്** :ക്യാഷ് ബുക്ക് പരിശോധിച്ചതിൽ നിന്നും 26.10.2018ലെ ബാലൻസ് **278364** രൂപയാണ്.ബാങ്ക് സ്റ്റെമെന്റിലെ ബാലൻസ് **312289** രൂപയാണ്.ഇവ തമ്മിൽ 33925 രൂപയുടെ വ്യത്യാസം കാണുന്നുണ്ട് .ഇത് ക്രമപ്പെടുത്തിയിട്ടുണ്ടെങ്കിലും 20650 രൂപയുടെ വിവരങ്ങളില്ല (17.5.2013 ലെ 4400രൂപയും 25.6.2009 ലെ 16250രൂപയും)ഈ തുകയുടെ ഉറവിടം കണ്ടെത്താനാകുന്നില്ലെങ്കിൽ അത് യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ് . മറ്റു അപാകതകൾ കണ്ടില്ല

**അഡ്മിഷൻ റജിസ്റ്റർ :**അഡ്മിഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2018 അഡ്മിഷനിൽ MA ക്കു 30 കുട്ടികളും എംഫിൽ കോഴ്സിന് 6 കുട്ടികളും ആണുള്ളത്.കൃത്യമായ ക്രമത്തിൽ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.മറ്റു അപാകതകൾ കണ്ടില്ല.

**ഇങ്കുംബെന്റ് രജിസ്റ്റർ :**സ്ഥാപനത്തിൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല.സ്ഥാപനത്തിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും വിവരങ്ങൾ രെജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**ഇ-ഗ്രാന്റ്സ് രജിസ്റ്റർ :**പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല.ഇ-ഗ്രന്റ്സിനു അർഹതയുള്ള എല്ലാകുട്ടികളുടെയും വിവരങ്ങൾ അഡ്മിഷന്റെ വർഷത്തിന്റെ അടിസ്ഥാനത്തിൽ രെജിസ്ടരിൽ രേഖപ്പെടുത്തേണ്ടതാണ്.ഇ-ഗ്രാന്റ്സ് ഇടപാടുകൾ ,SBI പരപ്പനങ്ങാടി ബ്രാഞ്ചിലെ അക്കൗണ്ട് No.30956259261 വഴിയാണ് നടത്തുന്നത്

**ബാങ്ക് അക്കൗണ്ട് :** സ്ഥാപനത്തിലെ ദിവസേനയുള്ള പണമിടപാടുകൾ കാലിക്കറ്റ് യൂണിവേഴ്സിറ്റി SBI ബ്രാഞ്ച്(A/C No.57018247776) വഴിയാണ് നടത്തുന്നത്.

**ആൻസർ ഷീറ്റ് രജിസ്റ്റർ :**പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മെയിൻ ഷീറ്റ് **19** എണ്ണവും അഡിഷണൽ ഷീറ്റ് **786** എണ്ണവും ആണുള്ളത്.മറ്റു അപാകതകൾ കണ്ടില്ല.

**സ്റ്റോക്ക് രജിസ്റ്റർ :**പ്രസ്തുത രജിസ്റ്റർ പരിശോധിച്ചതിൽ അപാകതകൾ കണ്ടില്ല.സ്ഥാപനത്തിൽ വാങ്ങിയ എക്വിപ്മെന്റ്സ് എല്ലാം രെജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**ചെക്ക് ഇഷ്യൂ രജിസ്റ്റർ :**ചെക്ക് ഇഷ്യൂ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നുണ്ട് .സ്ഥാപനത്തിൽ നിന്നും ഇഷ്യൂ ചെയ്യുന്ന

എല്ലാ ചെക്കുകളുടെയും വിവരങ്ങൾ പ്രസ്തുത രെജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

**അക്സെഷൻ രജിസ്റ്റർ :**ലൈബ്രറിയിലെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ആകെ **11147** ബുക്കുകൾ ഉള്ളതായിട്ടു കാണുന്നു.കേടുപാടുകൾ സംഭവിച്ചതോ നഷ്ടപ്പെട്ടതോ ആയ ബുക്കുകൾ എഴുതിത്തള്ളാനുള്ള നടപടികൾ എടുക്കേണ്ടതാണ്.

C U CAMPUS Suresh K.K

4.12.2018 FINANCE OFFICER